# 10
# വാതിലിനപ്പുറം പോകൽ

നാം ദൈവത്തെ സമീപിക്കേണ്ടത് ആഘോഷത്തോടുകൂടെയാണോ അതോ സുബോധത്തോടുകൂടിയാണോ? സഭായോഗത്തിലെ പ്രത്യേകമായ സമയത്തോ അല്ലെങ്കിൽ പ്രത്യേകമായ ആരാധനയിലോ ആ മനോഭാവങ്ങൾ ശരിയായിരിക്കാം. ആത്മാർത്ഥമായ സ്തുതിയും ഭയഭക്തിയും ദൈവത്തോടു പുലർത്തുന്നതാണെങ്കിൽ ഏതു രീതിയിലുള്ള ഭാവം തിരഞ്ഞെടുത്താലും അത് ഉചിതമായിരിക്കും. ഏതു ശാരീരിക പ്രവൃത്തിയായാലും, അതു തന്നെ യായാൽ ആരാധനയാവുകയില്ല. ആരാധനയിലുള്ള പ്രവൃത്തി ദൈവത്തോട് ആത്മാർത്ഥമായ പ്രതികരണം ആയിരിക്കണം. നാം ചെയ്യുന്നതെല്ലാം ആരാധനയുടെ ഉദ്ദേശം വെച്ചുകൊണ്ടായിരിക്കണം. ആരാധനോദ്ദേശമില്ലാതെ, ഒരാൾ എന്തു ചെയ്താലും അത് ആരാധനയാവുകയില്ല. ശരീരം ശരിയായ സ്ഥാനത്തായിരിക്കും, ചെയ്യുന്നതെല്ലാം ശരിയുമായിരിക്കും, പക്ഷെ ഹൃദയം ശരിയല്ലെങ്കിൽ അത് ആരാധനയേ ആകുന്നില്ല.

ഒരാൾ സഭായോഗത്തിന്റെ വാതിൽക്കൽവന്ന് ആരാധന തീരുവോളം അവിടെത്തന്നെ നിന്നാൽ എന്തായിരിക്കും അത് വ്യക്തമാക്കുന്നത്? ചില പ്പോൾ നാം മനസുകൊണ്ടും ഹൃദയം കൊണ്ടും അങ്ങനെ ചെയ്യും. നമ്മുടെ ശരീരം സഭായോഗത്തിലായിരിക്കും, എന്നാൽ മനസ് മറ്റെവിടെയെങ്കിലും ആയിരിക്കും. നാം വെറുതെ ചലിച്ചുകൊണ്ടിരിക്കും, പാട്ടുകൾ പാടുന്നത്, അതിലെ വാക്കുകൾ ശ്രദ്ധിക്കാതെയായിരിക്കും, പ്രാർത്ഥിക്കുമ്പോൾ നമ്മുടെ മനസിനെ നാം അലയുവാൻ അനുവദിക്കും, അൽപം മാത്രം ദാനങ്ങൾ ന ൽകും, അതു കഴിയുവാൻ നോക്കിയിരിക്കും ജീവിതത്തിലേക്ക് ഇറങ്ങുവാൻ. ഒരാൾ അങ്ങനെയാണ് ആരാധനയെ സമീപിക്കുന്നതെങ്കിൽ, ഹൃദയം വാതി ലിനകത്തു പ്രവേശിക്കയില്ല.

തങ്ങൾക്ക് ഇഷ്ടമായതുകൊണ്ടു മാത്രം ആരാധനക്ക് തുടർച്ചയായി വരുന്ന മറ്റു ചിലരുണ്ട്. അവർ നേരത്തെ വരികയും, തീർന്നാൽ ഉടനെ പോക യുമില്ല. അവർ നല്ല സമയത്തിനാണ് വരുന്നത്, അവർക്ക് അത് ലഭിക്കുകയും ചെയ്യും. അവർ ആളുകളോടൊപ്പമായിരിക്കുവാൻ ഇഷ്ടപ്പെടുന്നു, ആളുക ളോട് സംസാരിച്ച് മറ്റുള്ളവരുടെ ജീവിതത്തിൽ സംഭവിച്ചതിനെ കുറിച്ച് അറി യുവാൻ ആഗ്രഹിക്കുന്നു. ചിലർക്ക് സ്വരച്ചേർച്ചയുള്ള നാല്-ഭാഗങ്ങളുള്ള പാ ട്ടുകൾ പാടുവാൻ താൽപര്യമുള്ളവരാണ്, കാരണം അവർക്ക് നന്നായി പാ ടുവാൻ കഴിയുന്നത് അത്തരം പാട്ടുകളാണ്. അവർ ആ വാക്കുകളിലെ സന്ദേ ശത്തിന് അൽപം ശ്രദ്ധ കൊടുത്തേക്കാം, എന്നാൽ ഊന്നൽ കൊടുക്കുന്നത് അതിലെ ഈണത്തിനാണ്. ഈ ആളുകളുടെ ഹൃദയവും വാതിൽക്കലായി രിക്കും ഉള്ളത് – അല്ലെങ്കിൽ ഒരിക്കലും ദൈവസന്നിധിയിലേക്ക് വരുന്നില്ല.

### ആരാധനയോടുള്ള ആഗ്രഹം നിമിത്തം

നാം ഇഷ്ടപ്പെടുന്നതുകൊണ്ട് മാത്രം ആരാധനക്കു വരുന്നു എങ്കിൽ, ഉദ്ദേശം ചോദ്യം ചെയ്യപ്പെട്ടേക്കാം. ആരാധനയിൽ നല്ല സമയം ഉണ്ടാകു ന്നതിൽ ഞാൻ എതിരല്ല. ആരാധകന് പ്രയോജനപ്പെടുവാനും ആസ്വദിക്കു

വാനും ഉതകുന്ന വിധത്തിലാണ് ദൈവം ആരാധന രൂപപ്പെടുത്തിയിരിക്കുന്നത്. എങ്ങനെയായാലും, നല്ല സമയത്തിനുവേണ്ടി കൂടി വരുന്നയാൾക്ക് ആരാധന നഷ്ടമായേക്കാം. ദൈവത്തെ ആരാധിക്കുക എന്ന *ഉദ്ദേശവു*മായി കൂടിവരുന്ന വ്യക്തിക്ക് നല്ല സമയം ലഭിച്ചേക്കാം, എന്നാൽ അയാൾക്ക് വാസ്തവത്തിലുള്ള ആരാധനയുടെ അർത്ഥം നഷ്ടമാകുവാനിടയില്ല. ആളുകളുമായി ഒത്തു ചേരുന്നത് തെറ്റല്ല, പ്രത്യേകിച്ച് ഒരേ വിശ്വാസത്തിലുള്ളവരുമായി; എന്നാൽ ആരാധനയിൽ അവനോടുകൂടെ ആയിരിക്കുവാനുള്ള നമ്മുടെ ആഗ്രഹം ദൈവത്തെ സന്തോഷിപ്പിക്കും. ആരാധന യാദൃശ്ചികമായി സംഭവിക്കുന്നില്ല. ദൈവത്തെ ആരാധിക്കുന്ന *ഉദ്ദേശവുമായി* ഒരു കൂട്ടം ആളുകൾ ഒത്തു ചേരുമ്പോഴാണ് ആരാധനയാകുന്നത്. അതേ *ഉദ്ദേശവുമായി* വരുന്ന ആളുകളോടൊത്ത് നാം ദൈവസന്നിധിയിലെത്തുകയാണ്. *ബോധപൂർവ്വമായ ഉദ്ദേശത്തോടെ* നാം ദൈവത്തെ സമീപിക്കുകയും, മറ്റുള്ളവരെ അതിനു സഹായിക്കുകയും ചെയ്തുകൊണ്ടാകണം ഓരോ ആരാധകനും വരേണ്ടത്.

പല വർഷങ്ങൾക്ക് മുൻപ് ബന്ധുക്കളോടൊപ്പം ഒരു വലിയ ഇടവകയിൽ ആരാധിക്കുവാൻ ഞാൻ താൽപര്യപ്പെട്ടു. ഞങ്ങൾ ഇടനാഴിയുടെ പകുതി വഴി വരെ ചെന്ന്, നാല് പേർക്ക് ഇരിക്കാവുന്ന രീതിയിൽ അരികുവശം ചേർന്ന് ഇരുന്നു, ബാക്കി സീറ്റുകൾ പിന്നീട് വരുന്നവർക്കായി മാറ്റിയിട്ടു. പാട്ട് തുടങ്ങിയപ്പോൾ, നന്നായി-വസ്ത്രധാരണം ചെയ്ത ഒരു സ്ത്രീ വന്ന് എന്റെ അടുത്തായി ഇരുന്നു, എന്റെ കൈവശമുണ്ടായിരുന്ന പാട്ടുപുസ്തകം ഞാൻ അവർക്ക് കൊടുത്തിട്ട് എനിക്കായി മറ്റൊരു പാട്ടുപുസ്തകം എടുത്തു.

കർത്തൃമേശയുടെ സമയത്ത്, അടുത്തിരുന്ന ആ സ്ത്രീ പേഴ്സിൽ തപ്പുന്നതു കണ്ടു. അവസാനം അവർ ഒരു ചെക്ക് ബുക്ക് എടുത്ത് ധർമ്മശേഖരത്തിനുള്ള സംഖ്യ എഴുതുകയായിരുന്നു. പിന്നെ പ്രസംഗ സമയമായിരുന്നു. പ്രാസംഗികൻ വളരെ താൽപര്യം ജനിപ്പിക്കുന്ന പോയിന്റുകൾ പറയുന്നുണ്ടായിരുന്നു. ഞാൻ അതിന്റെ നോട്ടുകൾ എഴുതിയെടുത്തുകൊണ്ടിരുന്നു, അടുത്തിരുന്ന സ്ത്രീ പിന്നെയും അവരുടെ ബാഗ് പരിശോധിക്കുന്നതു കണ്ടു. എഴുതുവാൻ എന്തെങ്കിലും നോക്കുകയായിരിക്കുമെന്ന് വിചാരിച്ച് ഞാൻ എഴുതുവാൻ ഒരു പേപ്പർ അവർക്ക് കൊടുത്തു. അവർ പുഞ്ചിരിച്ചു തലയാട്ടി. കുറച്ചു സമയത്തിനുള്ളിൽ അവൾ അവളുടെ ചെറിയ ഒരു കാൽകുലേറ്റർ പുറത്തെടുത്തു. അവൾ പ്രസംഗം ശ്രദ്ധിക്കുന്നു എന്ന് തോന്നിപ്പിച്ചു. പ്രാസംഗികൻ നല്ല പോയിന്റുകൾ പറഞ്ഞപ്പോൾ, അതിനോട് യോജിക്കുന്ന രീതിയിൽ അവൾ അമറുകയും തലയാട്ടുകയും ചെയ്തു, പക്ഷെ ആ സമയത്തെല്ലാം അവൾ തന്റെ ബാങ്കിൽ ബാക്കി എത്ര തുകയുണ്ട് എന്ന് കണക്കു കൂട്ടി നോക്കുകയായിരുന്നു.

കുറച്ചു കഴിഞ്ഞ്, അവൾ തന്റെ സാധനങ്ങളെല്ലാം പ്രാസംഗികൻ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുൻപ് ബാഗിൽ എടുത്തു വെക്കുവാൻ തുടങ്ങി. അവൾ ആരാധിച്ചില്ല എന്നു കരുതുവാനാണ് എനിക്ക് ആഗ്രഹം, എന്നെ ആരാധിക്കുവാൻ അവർ ഒരു വിധത്തിലും പ്രോൽസാഹിപ്പിച്ചുമില്ല. അവൾ വാതിൽ കടന്നുപോയത് മറ്റെന്തെങ്കിലും ചെയ്യുക എന്ന ഉദ്ദേശത്തോടെയായിരിക്കും.

## ജഡത്തിൽ ശ്രദ്ധിക്കാതെ ആത്മാവിൽ ശ്രദ്ധിച്ചുകൊണ്ട്

പലപ്പോഴും, ശരീരം സന്നിഹിതമായിരിക്കും, എന്നാൽ ഹൃദയമോ വീട്ടിലോ അല്ലെങ്കിൽ മറ്റു വല്ല ഭൗതികമായ ആവശ്യങ്ങളിലും ആയിരിക്കും. എന്തൊരു ചൂടാണ്, ക്ഷീണമാണ്, ആരാധന നീണ്ടു പോകുന്നു എന്നിങ്ങനെ ശരീരം പരാതിപ്പെടും. ആത്മാവ് ആത്മിയാഹാരത്തിന് ആർത്തി കാണിക്കുമ്പോൾ, ജഡം ഭൗതിക ആഹാരത്തിനായി ആർത്തി കാണിക്കും. ആത്മാവും, ദേഹവും, ദേഹിയും യോജിപ്പിലെത്തണം; അവ മൂന്നും ആരാധനാ നടപടിയിലായിരിക്കണം.

ആത്മാവിനെ ചിലപ്പോൾ തിരുവെഴുത്തിൽ “ആന്തരിക മനുഷ്യൻ” എന്നും ഭൗതിക ശരീരത്തെ “ബാഹ്യ മനുഷ്യൻ” എന്നും വിളിച്ചിരിക്കുന്നു. ബാഹ്യ മനുഷ്യൻ ഇല്ലാതാകുന്നതാണ്, എന്നാൽ “അകത്തെ മനുഷ്യൻ നാൾക്കു നാൾ പുതുക്കം പ്രാപിക്കുന്നതാണ്” എന്ന് പൗലൊസ് കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ പറഞ്ഞു (2 കൊരിന്ത്യർ 4:16). ആന്തരിക മനുഷ്യനും ബാഹ്യമനുഷ്യനും തമ്മിലുള്ള പോരാട്ടത്തെ കുറിച്ച് പൗലൊസ് റോമർക്ക് എഴുതിയ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു (റോമർ 7:22, 23). യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, “ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രേ” (മത്തായി 26:41).

പോരാട്ടം നമ്മുടെ ആരാധനയെ ബാധിക്കും. ജഡത്തെ തരണം ചെയ്ത് ദൈവസന്നിധിയിലെത്തുവാനാണ് ആന്തരിക മനുഷ്യൻ ആഗ്രഹിക്കുന്നത്, കാരണം സർവ്വശക്തന്റെ സിംഹാസന മുറിയിൽ ജഡാഭിലാഷത്തിന് സ്ഥാനമില്ല. ഒരു വ്യക്തിയുടെ ശരീരം ആരാധനാ പ്രവൃത്തികളിൽ ഏർപ്പെടുന്നു; എന്നാൽ ഒരാളുടെ ഹൃദയം, ആത്മാവ് ദൈവത്തിന്റെ ആത്മാവോടുകൂടി സത്യാരാധനയിൽ പങ്കു ചേരുന്നു. ഉള്ളിൽ പകയും, വിദ്വേഷവും, മൽസരവും വെച്ചുകൊണ്ട്, ശബ്ദത്താൽ പാടുകയും പ്രാർത്ഥിക്കുകയും ചെയ്യാം. ദൈവത്തിന്റെ സിംഹാസനത്തോട് സമീപിക്കുമ്പോൾ ആന്തരിക മനുഷ്യനും ബാഹ്യമനുഷ്യനും യോജിക്കുന്നതുവരെ ആരാധന നടക്കുന്നില്ല.

ജഡത്തെ കണ്ടില്ലെന്നു നടിക്കുക ബുദ്ധിമുട്ടാണ്. നമ്മുടെ വ്യക്തിപരമായ ഇഷ്ടങ്ങളെ നാം “ആവശ്യങ്ങൾ” ആയി പരിഗണിക്കും. ആ “ആവശ്യങ്ങൾ” നിറവേറ്റുന്നത് ആരാധനയുടെ അനുഭവത്തെ മറ്റുള്ളവരിൽ നശിപ്പിക്കുകയും, നമുക്ക് തന്നെ ആരാധന നഷ്ടമാക്കുകയും ചെയ്യും. സഭായോഗത്തിന് എത്തുന്നതിന് വളരെ മുൻപ് തന്നെ ഹൃദയത്തെ നാം ഒരുക്കണം. ആരാധനയിൽ പങ്കെടുക്കുമ്പോൾ, അത് മറ്റുള്ളവർക്ക് ആത്മിയ വർദ്ധന വരുത്തുന്നതും ദൈവത്തെ പ്രസാദിപ്പിക്കുന്നതുമായിരിപ്പാൻ തീരുമാനിക്കണം. നാം പ്രവേശിക്കുന്നതിനു മുൻപ് വാതിൽക്കൽ എന്തെങ്കിലും വിടേണ്ടതായിട്ടുണ്ടെങ്കിൽ, അത് ലോകവും, ഭൗതികമായ ആവശ്യങ്ങളുമാണ്. ആത്മാവിൽ വേണം നാം ദൈവത്തെ സമീപിക്കുവാൻ.

## പരിശ്രമം നടത്തിക്കൊണ്ട്

ഒരർത്ഥത്തിൽ നാം നമ്മുടെ ആരാധനയിൽ ഒരിക്കലും പുറത്തായിരിക്കുവാൻ പാടില്ല. നമ്മുടെ ഹൃദയങ്ങളെ നാം ആരാധനയിലേക്ക് കൊണ്ടുവരുമെങ്കിലും, നാം അകത്ത് പ്രവേശിച്ചാൽ സത്യാരാധനക്ക് നാം വളരെയധികം പരിശ്രമം നടത്തേണ്ടിയിരിക്കുന്നു. നമുക്ക് “ബുദ്ധികൊണ്ടും ... ആത്മാവ് കൊ

ണ്ടും പ്രാർത്ഥിക്കുവാനും," "ആത്മാവുകൊണ്ട് പാടുവാനും ... ബുദ്ധികൊണ്ട് പാടുവാനും കഴിയും" (1 കൊരിന്ത്യർ 14:15; കെജെവി), എങ്കിലും ഒരിക്കലും സത്യത്തിൽ ആരാധിക്കാതെയുമിരിക്കാം. നമുക്ക് ആത്മാർത്ഥമായി ശബ്ദമുയർത്തി ദൈവത്തെ സ്തുതിക്കുവാൻ കഴിയും, അതേ സമയത്ത് ആഴത്തിൽ ആരാധിക്കുവാൻ കഴിയാതെയും വരാം.

ആരാധനാ പ്രവൃത്തികളിൽ പങ്കെടുത്തു എന്നതിനാൽ നാം ആരാധിച്ചു എന്ന് ഉറപ്പില്ല. പ്രാർത്ഥനയും, സ്തുതിയും (സാധാരണ പാട്ടുപാടൽ), കർത്തൃമേശയിൽനിന്നു പങ്കെടുക്കലും, തിരുവെഴുത്തു വായനയും, ഉപദേശം അല്ലെങ്കിൽ പ്രസംഗവും, ധർമ്മശേഖരം നൽകുന്നതും എല്ലാം ആരാധനാ പ്രകടനങ്ങളാണ്. യഥാർത്ഥ ആരാധന നടക്കുന്ന സ്ഥലമായ ദൈവസന്നിധിയിലേക്ക് നമ്മെ ആകർഷിക്കുന്നവയാണ്. ദൈവം-നിശ്ചയിച്ച അവ ഓരോന്നും. ആരാധനക്കായി നമ്മുടെ ഹൃദയങ്ങളെ പരിശീലിപ്പിച്ച് പാകപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഈ വിവിധ തരത്തിലുള്ള മുഖാന്തരങ്ങൾ നമ്മെ ദൈവസന്നിധിയിലേക്ക് നയിക്കുന്നവയാണ്. നേരെ മറിച്ച് നാം ദൈവസന്നിധിയിലേക്ക് വരാതെ, ആരാധനയുടെ ആ ഘടകങ്ങളെല്ലാം ചെയ്താലും, നാം വാസ്തവത്തിലുള്ള ആരാധനയിൽ പ്രവേശിക്കാതെയും വരാം.

സ്തുതിയും, പ്രസംഗവും, കർത്തൃമേശ ആചരിക്കലും എല്ലാം നടത്തിയാലും, നാം ഒരിക്കലും ദൈവസന്നിധിയിൽ വരാതെയിരിക്കാം. *ആരാധന എന്താണെന്ന് ഒരിക്കൽ നാം മനസിലാക്കിയാൽ, യാത്രയും ലക്ഷ്യസ്ഥാനവും തമ്മിലുള്ള വ്യത്യാസം നാം തിരിച്ചറിയും.* ആരാധനയുടെ പന്ഥാവുകളാണ് യാത്ര സുഗമമാക്കുന്നത്. ദൈവസിംഹാസനമാണ് ലക്ഷ്യസ്ഥാനം. ഒരിക്കൽ അവിടെ എത്തിയാൽ, അവന്റെ വിശുദ്ധ സാന്നിധ്യത്തെ ആദരിക്കുവാനും, അവന്റെ പരിശുദ്ധമായ പ്രകാശത്തിന്റെ പ്രഭ സ്വീകരിപ്പാനും മാത്രമെ നാം ആഗ്രഹിക്കുകയുള്ളു. സ്നേഹവും ആദരവുമാണ് നമ്മുടെ ഹൃദയങ്ങളെ അവനിലേക്ക് ആകർഷിക്കുന്നത്. അവനോടുള്ള സ്തോത്രവും അനുമോദനവും പ്രകടിപ്പിക്കുവാൻ മതിയായ വാക്കുകളില്ല. അവിടെ, ദൈവസിംഹാസനമുറിയിൽ, നമ്മുടെ ആത്മാക്കൾ ദൈവാത്മാവോടുകൂടെ കൂട്ടായ്മക്കായി യോജിക്കുന്നു.

നമ്മുടെ ജീവിതത്തിൽ അവന്റെ ഉദ്ദേശം നിറവേറ്റുന്ന വിധത്തിലാണ് ആരാധനാ പന്ഥാവുകൾ ദൈവം രൂപപ്പെടുത്തിയിരിക്കുന്നത്. അവൻ അന്വേഷിക്കുന്നവനാണ്: മനുഷ്യ ചരിത്രത്തിലെ ദൈവ പ്രവൃത്തികളെല്ലാം അവൻ മനുഷ്യനെ അന്വേഷിക്കുന്നവയായിരുന്നു, തന്റെ സാദൃശത്തിൽ സൃഷ്ടിച്ച മനുഷ്യനെ തന്നിലേക്ക് യോജിപ്പിക്കുന്നതിനായിരുന്നു. ദൈവം നമ്മോട് കൂട്ടായ്മ ആഗ്രഹിക്കുന്നു. സൃഷ്ടിച്ചതു മുതൽ ക്രൂശ് വരെ അവൻ നമ്മെ പിന്തുടരുകയായിരുന്നു. അടിച്ചുയരുന്ന ചെങ്കടൽ മുതൽ ശൂന്യമായ കല്ലറ വരെ, ദൈവം തന്റെ ശക്തി കാണിച്ച്, വീണ്ടെടുത്ത് നമുക്ക് നിത്യജീവൻ തരുവാൻ പ്രവർത്തിച്ചു. അബ്രഹാമിനെ വിളിച്ചതുമുതൽ ക്രിസ്തുവിന്റെ സ്വർഗാരോഹണം വരെ ദൈവത്തിന്റെ വാഗ്ദാനങ്ങൾ മുഴങ്ങി കേൾക്കാം. നമ്മോടുള്ള അവന്റെ കൂട്ടായ്മയിൽ, നമുക്ക് തരുന്ന ചാനലുകളിൽ കൂടെ ദൈവം ഉണ്ടെന്ന് മാത്രം വിശ്വസിക്കുന്ന ലോകത്തിന് ശക്തി കാണിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. ആ ശക്തിയോട് അടുക്കുവാനുള്ള ഏക വഴിയാണ് ആരാധന. നമ്മുടെ ആരാധന മുഖാന്തരം നമ്മിൽ അവന്റെ ആത്മിയ ശക്തി ശേഖരിക്കപ്പെടുന്നു. നാം ലോകത്തിലേക്ക് തിരിച്ചു പോകുമ്പോൾ, ലഭിച്ചതായ

പ്രഭയും ഊർജവും മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കണം.

## ഉപസംഹാരം

ദൈവത്തോട് കൂട്ടായ്മ ആചരിച്ചവർ സഭായോഗം വിട്ടുപോകുമ്പോൾ ആരാധന മുഖാന്തരം അവർ ദൈവസിംഹാസനത്തിൽനിന്നാണ് പോകുന്നതെന്ന് ഓർമ്മിക്കണം. അവർ തങ്ങളുടെ ദൈനന്തിന പ്രവൃത്തികളിലേക്ക് തിരിച്ചുപോകുമ്പോൾ ദൈവസന്നിധിയിൽനിന്നു ലഭിച്ച ശക്തിയോടെയാണ് അവർ പോകുന്നതെന്ന് ഓർമ്മിക്കണം. ദൈവം അവരിൽ വസിക്കുന്നതുകൊണ്ട് അവർ വ്യത്യാസം ഉള്ളവരാണ് (1 കൊരിന്ത്യർ 3:16; 6:19), ആ ഓർമ്മ അവരുടെ ജീവിതത്തിൽ എപ്പോഴും വേണം. അവർക്ക് ആത്മിയ പോഷണം ലഭിച്ചിരിക്കുന്നു. അവർ ദൈവത്തോടുകൂടി നടക്കുവാൻ പ്രാപ്തരാകയും, ദൈനന്തിന ജീവിതത്തിൽ അവർ ദൈവത്തെ സേവിക്കുകയും വേണം. ദൈവം അവരെ സൃഷ്ടിച്ച ഉദ്ദേശത്തിലാണ് അവരിപ്പോൾ.